ഉത്തരം

6.2 കി. മീ. ദൂരമുള്ള ഈ റോഡിന്റെ സീതത്തോടു മുതൽ മുണ്ടമ്പാറ (മരനടപ്പാലം) വരെയുള്ള ഒന്നാം ഘട്ടത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ പണി ഈ സാമ്പത്തിക വർഷാവസാനത്തോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മുണ്ടമ്പാറ മുതൽ ഗുരുനാഥൻ മണ്ണു വരെയുള്ള പണികളുടെ എസ്റ്റിമേറ്റു ഉണ്ടാക്കുക. മുതലായ പ്രാഥമിക നടപടിക്രമങ്ങൾ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഈ ഭാഗത്തിന്റെ പണി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുക പ്രയാസമാണ്.

ടെണ്ടർ വിളിക്കാതെ ഏൽപ്പിച്ച മരാമത്ത് പണികൾ

133 [176] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് :

,, സി. കെ. തങ്കപ്പൻ :

,, ഇ. പത്മനാഭൻ :

,, ജി. വരദൻ :

,, ടി. കെ. ഹംസ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ടെണ്ടർ വിളിക്കാതെ മരാമത്ത് പണികൾ ആരെയെങ്കിലും ഏൽപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര സംഖ്യ വരുന്ന മരാമത്ത് പ്രവർത്തികളാണ് ഏൽപ്പിച്ചിട്ടുള്ളത് ;

(സി) ഇങ്ങനെ ഏൽപ്പിച്ച പ്രവർത്തികളിൽ ക്രമക്കേടുകൾ നടന്നതായി വല്ല ആക്ഷേപവും സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിൻമേൽ വല്ല അന്വേഷണവും ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ, ബി) ടെണ്ടർ വിളിക്കാതെ ഒരു പണിക്കും ആരെയും ഏൽപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടില്ല. ടെണ്ടർ വിളിച്ചിട്ടും ആരും ടെണ്ടർ നൽകാതെ വരികയാണെങ്കിൽ കൊട്ടേഷൻ വിളിച്ച് പണി നടത്താറുണ്ട്.

(സി) വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ ചില മരാമത്തു പ്രവർത്തികളുടെ നടത്തിപ്പിൽ ചില ജില്ലകളിൽ ക്രമക്കേടുകൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഈ പരാതികളെപ്പറ്റി ഡിപ്പാർട്ട്മെന്റ് അന്വേഷണം നടത്തുന്നുണ്ട്.

ടി.ബി. പുതുക്കി പണിയാനുള്ള നടപടി

134 [178] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽപ്പെട്ട റാന്നിയിലുള്ള റസ്റ്റ്. ബി. പുതുക്കി പണിയണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly